അക്കാദമിക മാസ്റ്റർപ്ലാൻ

2025-26

ജി. എം. യു. പി. സ്കൂൾ ഒറവുറം

# സ്കൂൾ വിവരങ്ങൾ

| | |
|---|---|
| ജില്ല | കോഴിക്കോട് |
| സ്കൂൾ കോഡ് | 47483 |
| സ്കൂളിന്റെ പേര് | ജി.എം.യു.പി.എസ് ആരാമ്പ്രം |
| പിൻകോഡ് | 673571 |
| പഞ്ചായത്ത് | മടവൂർ |
| വിദ്യാഭ്യാസ ജില്ല | താമരശ്ശേരി |
| സബ് ജില്ല | കൊടുവള്ളി |
| ക്ലാസുകൾ | 1—7 (20 ഡിവിഷനുകൾ) |
| പഠന മാധ്യമം | മലയാളം, ഇംഗ്ലീഷ് |

# ആമുഖം

കോഴിക്കോട് ജില്ലയിലെ മടവൂർ പഞ്ചായത്തിലെ വാർഡിൽ ആരാമ്പ്രം പ്രദേശത്ത് സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് ജി.എം.യു.പി.എസ് ആരാമ്പ്രം. കുട്ടികൾക്ക് മികവാർന്ന വിദ്യാഭ്യാസം നൽകാൻ ഈ സ്ഥാപനത്തിന് കഴിയുന്നുണ്ട്. LSS, USS പരീക്ഷകളിലും, NuMats പരീക്ഷയിലും ഉർദു, അറബിക് ടാലന്റ് പരീക്ഷകളിലും മികവാർന്ന വിജയം കൈവരിക്കാൻ ഇവിടെയുള്ള കുട്ടികൾക്ക് സാധിച്ചിട്ടുണ്ട്. കലാകായിക മേഖലകളിലും, കരാട്ടേ, തൈക്കോണ്ടോ മുതലായ ആയോധന കലകളിലും മികച്ച പ്രകടനം കാഴ്ചവെയ്ക്കാൻ സ്കൂളിലെ കുട്ടികൾക്ക് സാധിച്ചിട്ടുണ്ട്. സ്കൂൾ തല ഫുട്ബോൾ മേളയും, ഷട്ടിൽ, കബഡി, ചെസ്സ് തുടങ്ങി മത്സര ഇനങ്ങളും എല്ലാ വർഷവും നടത്തി കുട്ടികളുടെ കഴിവുകൾ പരിപോഷിപ്പിക്കാൻ അവസരം നൽകുന്നതിനോടൊപ്പം പരിശീലനവും നൽകാറുണ്ട്. ഗുണമേന്മയുള്ള വിദ്യാഭ്യാസം (മേൻമ), പിന്നോക്കക്കാരെ മുന്നിലെത്തിക്കൽ, ശില്പശാലകൾ, ചോദ്യബാങ്ക് നിർമ്മാണം, നിഘണ്ടു നിർമ്മാണം

കഥ, കവിത, ലേഖനങ്ങൾ, സ്വരലയം/ശബ്ദ വീചിക പരിപാടികൾ, ചിത്ര പാരായണം, വാർത്ത രേഖപ്പെടുത്തൽ, വാർത്താ വായന, ഇംഗ്ലീഷ് സ്കില്ലുകൾ, ജിഗ്സോ കളികൾ അടിസ്ഥാന ശേഷികൾ വർധിപ്പിക്കാൻ പുസ്തക ചർച്ച, മറ്റു മത്സരങ്ങൾ എന്നിവ സ്കൂളിൽ നടത്തപ്പെടുന്നു. ഈ English Empowerment Programme for Teachers and Parents, One day One word, One sentence Daily Quiz Programme, Lab, IT സൗകര്യങ്ങൾ എന്നിവ എടുത്തു പറയത്തക്ക പ്രത്യേകതകളാണ്.

ഓരോ വിഷയത്തിലും പിന്നോക്കക്കാർക്കും, പ്രതിഭകൾക്കും പ്രത്യേക പരിശീലനം നടത്താറുണ്ട്. വായനയും എഴുത്തും പരിപോഷിപ്പിക്കുന്നതിനായി വിപുലീകരിച്ച ലൈബ്രറി സംവിധാനം ഒരുക്കിയിട്ടുണ്ട്. ദിനാചരണങ്ങൾ നടത്തുന്നതിനൊപ്പം, ചുറ്റുപാട് പരിപാലനം, മാലിന്യ-സംസ്കരണം എന്നിവക്കും, സ്കൂൾ ഇലക്ഷൻ, അസംബ്ലി, മേളകൾ, തനതുപ്രവർത്തനം, മികവുത്സവം എന്നിവക്കും സ്കൂൾ പ്രാധാന്യം നൽകുന്നുണ്ട്.

## നേട്ടങ്ങളും പരിമിതികളും

അക്കാദമികം – LSS, USS മികച്ച നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. എല്ലാ കുട്ടികൾക്കും എഴുത്തും വായനയും ഉറപ്പാക്കാൻ മികച്ച പരിശീലനം ഉറപ്പാക്കുന്നു. മേളകളിൽ ഉന്നത വിജയം നേടിയതിനൊപ്പം കരാട്ടേ, തൈക്കാണ്ടോ എന്നിവയിലും വിജയികളായി. പൊതു പരിപാടികൾക്കായി ഒരു നല്ല ഹാൾ ഇല്ല.

ഭൗതികം – ലൈബ്രറി, സയൻസ്, IT ലാബുകൾ, Projector, Ramb എന്നീ സൗകര്യങ്ങൾ ഉണ്ട്.
സബ്ജക്ട് ലൈബ്രറി, മാത്സ്, ഭാഷാ, SS ലാബുകൾ എന്നിവ ഇല്ല. ഉച്ചഭക്ഷണ ഭോജനശാലയും ഇല്ല. വിശാലമായ റീഡിംഗ് റൂമും ഇല്ല. ശുദ്ധജല വിതരണത്തിനായി കൂടുതൽ സംവിധാനം അനിവാര്യമാണ്.

സാമൂഹികം – PTA, MPTA, SMC, SSG, നാട്ടിലെ വിവിധ സംഘടനകൾ, ക്ലബ്ബുകൾ തുടങ്ങിയവയുടെ പരിപൂർണ്ണ പിന്തുണ ലഭിക്കുന്നുണ്ട്. നിർധനരായ കുട്ടികൾക്ക് ബാഗ്, കുട, നോട്ട് ബുക്ക് എന്നിവ നൽകിയതിനൊപ്പം വാഹനയാത്രാ സൗകര്യവും ചില അഭ്യുദയകാംക്ഷികൾ ഏറ്റെടുത്തിട്ടുണ്ട്. റോഡ് ക്രോസിംഗ്, സ്പോർട്സ് മേളകൾ, ആഘോഷങ്ങൾ എന്നിവക്കും പരിപൂർണ്ണ സഹായങ്ങൾ ലഭിക്കുന്നുണ്ട്.
റോഡ് സുരക്ഷ – സ്കൂൾ സോൺ, divider തുടങ്ങിയവ സ്ഥാപിച്ചിട്ടില്ല.

# സ്കൂൾ ഇന്ന്

പ്രധാനാധ്യാപകൻ - 1
LP, UP അധ്യാപകർ - 26
O.A - 1 , കുട്ടികൾ 488
PrePrimary അധ്യാപകർ 4+0= 4

ഉച്ചഭക്ഷണം - എല്ലാ ദിവസവും, വിഭവ സമൃദ്ധമായ ഉച്ചഭക്ഷണവും രണ്ടു ദിവസം പാലും, ഒരു ദിവസവും മുട്ടയും നൽകുന്നു.
കുടിവെള്ളം - ശുദ്ധീകരിച്ച കുടിവെള്ളം ഒരുക്കിയിട്ടുണ്ട്.
അച്ചടക്കം - സ്കൂൾ ഡിസിപ്ലിൻ നല്ല രീതിയിൽ നടത്തുന്നതിനായി HM ന്റെയും ഡിസിപ്ലിൻ കൺവീനറുടെയും നേതൃത്വത്തിൽ ക്ലാസ് റൂം വിസിറ്റ്, ബോധവൽക്കരണം എന്നിവ നടത്തുന്നതിനോടൊപ്പം, അധ്യാപകർ, കുട്ടികൾ എന്നിവർക്ക് ഡ്യൂട്ടിയും നൽകിയിട്ടുണ്ട്.
ശുചീകരണം - PTA സ്കൂൾ ടോയ്‌ലറ്റ് ശുചീകരണത്തിനായി സ്റ്റാഫിനെ നിയമിച്ചിട്ടുണ്ട്.
സ്കൂൾ നവീകരണം - സ്കൂൾ മതിലുകളും, ബിൽഡിങ്ങുകളും ചിത്രം വരച്ച് മോടി പിടിപ്പിച്ചിട്ടുണ്ട്.
SSSS, JRC, ഭാഷാ ക്ലബ്ബുകൾ, Subject clubകൾ, Self Defence For Girls, അക്കാദമിക പ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കുന്നതിന്റെ ഭാഗമാണ് മാസ്റ്റർ പ്ലാൻ-

# ഉള്ളടക്കം


| Sl No | ITEM | Page |
|---|---|---|
| 1 | സ്കൂൾ വിവരങ്ങൾ | 2 |
| 2 | ആമുഖം | 3 |
| 3 | സ്കൂൾ ഇന്ന് | 7 |
| 4 | നേട്ടങ്ങളും പരിമിതികളും | 8 |
| 5 | സ്കൂൾ ചരിത്രം | 9 |
| 6 | പൊതു ലക്ഷ്യങ്ങൾ | 13 |
| 7 | മലയാളം | 15 |
| 8 | ഗണിതം | 18 |
| 9 | ഹിന്ദി | 26 |
| 10 | ഉർദു | 29 |
| 11 | സാമൂഹ്യശാസ്ത്രം | 32 |
| 12 | അടിസ്ഥാന ശാസ്ത്രം | 36 |
| 13 | അറബിക് | 40 |
| 14 | ഇംഗ്ലീഷ് | 42 |
| 15 | JRC, SSSS | 46 |
| 16 | ഭൗതികം | 48 |
| 17 | മറ്റിനങ്ങൾ | 49 |

മറ്റ് സ്കൂളുകളിൽ നിന്ന് വിഭിന്നമായി ഇവിടെ സ്ഥാപിതമായ ക്രിയേറ്റീവ് കോർണർ കുട്ടികളുടെ പ്രായോഗിക പഠനത്തിന് മാറ്റുരക്കുന്നു. പരിചയ സമ്പന്നരായ അധ്യാപകരുടെ നേതൃത്വത്തിൽ പാഠ്യ, പാഠാന്യ ബന്ധ പ്രവർത്തനങ്ങൾ ഇതു മുഖേന നൽകാൻ സാധിക്കുന്നു.

2025-26-ൽ IT ലാബ് അറ്റകുറ്റ പണി നടത്തി. എല്ലാ കുട്ടികൾക്കും IT- ലാബിൽ നിന്നും പരിശീലനം നേടാൻ സുസജ്ജമാക്കി. 10 കംപ്യൂട്ടറുകളും ഇരിപ്പിടങ്ങളും തയ്യാറാക്കി.

എല്ലാ കുഞ്ഞുമക്കൾക്കും വിനോദങ്ങളിലേർപ്പെടാൻ ഒരു നല്ല ചിൽഡ്രൻ പാർക്ക് നിർമ്മിച്ചു (MLA. M.K മുനീർ ആസ്തി വികസന ഫണ്ട്) കൂടാതെ സ്കൂളിന് മുൻവശം സ്റ്റേജിനു സമീപം സ്കൂളിന് അടിസ്ഥാനമായി / ground ന് അടിസ്ഥാനമായി LO-mas light സ്ഥാപിച്ചു (MLA ഫണ്ട്)

Creative corner

പൊതുവിദ്യാഭ്യാസ വകുപ്പ് സമഗ്രശിക്ഷാ കേരള സ്റ്റാർസ് പദ്ധതി, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല 10 ലക്ഷം രൂപ ചിലവിൽ GMUPS ആരാമ്പ്രം സ്കൂളിൽ സ്ഥാപിച്ചു/നടപ്പിലാക്കി.

CC TV അറ്റകുറ്റ പണികൾ നടത്തി. നിരീക്ഷണ വിധേയമാക്കി. അധ്യാപകരുടെയും PTA യുടെയും പ്രവർത്തന ഫലമായി. 2025-26 വർഷത്തിൽ കുട്ടികൾ വർധിച്ചു- അതിനാൽ ഒരു ഡിവിഷൻ അധികമായി UP വിഭാഗത്തിൽ പ്രവർത്തിക്കുന്നു. തൻമൂലം ഹിന്ദി ഒരു അഡിഷണൽ തസ്തികയുള്ള നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

2025-26-ൽ പ്രത്യേക മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിച്ചു (പഞ്ചായത്ത്)

PV Muhammed Sahib ന്റെ ശ്രമഫലമായി വെള്ളപ്പൊക്ക ദുരിതാശ്വാസപദ്ധതിയിൽ ഉൾപ്പെടുത്തി നിർമിച്ച സെമി പെർമനെന്റ് കെട്ടിടം, പിന്നീട് കേന്ദ്രസർക്കാർ OBB scheme-ൽ പെടുത്തി നിർമിച്ച കെട്ടിടം, National savings scheme ലൂടെ ലഭിച്ച ഒരു ക്ലാസ്സും എന്നിവ ആയിരുന്നു ആദ്യകാല കെട്ടിടങ്ങൾ. പിന്നീട് കോഴിക്കോട് ജില്ലാ പഞ്ചായത്ത് നിർമ്മിച്ച 7 ക്ലാസ്മുറികൾ ഉള്ള രണ്ട് നില കോൺക്രീറ്റ് കെട്ടിടത്തിൽ വാടക ഉടമകൾ രണ്ട് ക്ലാസ് മുറികൾ, മാവൂർ ഗ്രാമപഞ്ചായത്ത് 1 ക്ലാസ്മുറി എന്നിവ നിർമ്മിച്ചു തന്നു. പിന്നീട് 2022-23 SSA ഫണ്ട് ഉപയോഗിച്ച് 4 ക്ലാസ്സ്മുറികൾ ഓലഷെഡ്ഡിൽ നിന്നും സ്കൂളിന് മോചനം സാധ്യമാക്കി. SSA fund ഉപയോഗിച്ച് യൂറിനൽ ഷെഡും കുടിവെള്ള പദ്ധതിയും ലഭ്യമാക്കി. കെ. മുരളീധരൻ MPയുടെ ഫണ്ടിൽ നിന്നും ഗ്രൗണ്ട് മണ്ണിട്ട് നികത്താൻ 2 ലക്ഷം, ചുറ്റുമതിൽ കെട്ടാൻ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് 50000, പിന്നീട് 2018-19ൽ കൊടുവള്ളി MLA കാരാട്ട് റസാഖ് ആസ്തി വികസനഫണ്ടിൽ നിന്ന് 4 ക്ലാസ്മുറികൾ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് 2 ക്ലാസ്റൂമുകൾ എന്നിവ ലഭ്യമായി. 2019-20 ൽ കേരള സർക്കാർ വിദ്യാഭ്യാസ സംരക്ഷണ യജ്ഞം സഹായം കൊണ്ട് വിശാലമായ 8 ക്ലാസ് മുറികൾ അടങ്ങിയ വലിയ കെട്ടിടം അന്നത്തെ വിദ്യാഭ്യാസമന്ത്രി പ്രൊഫ. രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്തു. ഇന്ന് സ്കൂൾ ക്ലാസുകൾ മിക്കവയും Hi tech ആയിട്ടുണ്ട്.

ബഹു. കാരാട്ട് റസാഖ് MLA സ്കൂളിന് ഒരു വാഹനവും അനുവദിച്ച് തന്നിട്ടുണ്ട്. 2024-25ൽ പഞ്ചായത്ത് സ്കൂളിന് മൂന്നറകളോട് കൂടിയ waste bit നിർമ്മിച്ചു നൽകി. (Iron Plant) (മാലിന്യ സംസ്കരണ പ്ലാന്റ് )

## സ്കൂൾ ചരിത്രം

മടവൂർ പഞ്ചായത്തിലെ എളകസൽഞാൻ യു.പി. സ്കൂൾ. വിദ്യാഭ്യാസപരമായി ഏറെ പിന്നോക്കം നിന്ന ഒരു പ്രദേശത്ത് സ്ഥാപിക്കപ്പെട്ട ഈ വിദ്യാലയത്തിന് ഒരു നൂറ്റാണ്ടിലേറെ കാലത്തെ പാരമ്പര്യം അവകാശപ്പെടാനുണ്ട്.

1912 ൽ ഒരു എലിമെന്ററി സ്കൂൾ ആയി മുക്കത്ത് തുറവ ഹാജിയുടെ കടയിൽ തുടങ്ങിയ ആരംഭ സ്കൂളിലെ ആദ്യ HM. ശ്രീധരൻ നായർ ആയിരുന്നു. പുറായിൽ സെയ്ദുട്ടി മകൻ അഹമ്മദ് കുട്ടി ആയിരുന്നു ആദ്യ വിദ്യാർത്ഥി. വട്ടക്കണ്ടത്തിൽ മമ്മി എന്ന വിദ്യാഭ്യാസ തത്പരൻ സ്വന്തം സ്ഥലത്ത് നിർമ്മിച്ചു കൊടുത്ത കെട്ടിടത്തിൽ പിന്നീട് I to IV വരെ 75 വർഷത്തോളം സ്കൂൾ പ്രവർത്തിച്ചു പോന്നു.

നാട്ടുകാരുടെ താത്പര്യവും പ്രോത്സാഹനവും ഫലം ചെയ്തു. പിന്നീട് എം.കെ അബുഹാജി പ്രസിഡണ്ടും, മുക്കത്ത് അബു സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ സ്കൂൾ അപ്ഗ്രേഡിംഗ് കമ്മിറ്റി രൂപീകൃതമായി. അങ്ങാടിക്കുന്നിൽ 49 സെന്റ് സ്ഥലം വാങ്ങി സർക്കാരിനെ ഏൽപിച്ചതിന്റെ ഫലമായി 1982 ൽ ഈ വിദ്യാലയം UP സ്കൂളായി അപ്ഗ്രേഡിങ് ചെയ്ത് കിട്ടി. ഒരു മല പ്രദേശമായത് കൊണ്ടുതന്നെ കെട്ടിടങ്ങളുടെ നിർമ്മാണവും നിലനിർത്തലും വലിയ കടമ്പയായിരുന്നു. PTA പ്രസിഡണ്ടുമാർ ആയിരുന്ന മൺമറഞ്ഞുപോയ AP മമ്മിക്കുട്ടി, MK ഇസ്മായിൽ എന്നിവരുടെ സേവനങ്ങൾ എടുത്തുപറയേണ്ടതാണ്. 1985 ൽ അന്നത്തെ MLA

10. സ്കൂളിൽ പൂന്തോട്ടവും പച്ചക്കറിതോട്ടവും നിർമിക്കുന്നത് പ്രോത്സാഹിപ്പിക്കുക.

11 - ലൈബ്രറി വിപുലീകരിക്കുക.

12 - ശിൽപശാലകളിലും ചോദ്യബാങ്ക് നിർമാണത്തിലും കുട്ടികളുടെ കഴിവിന് പ്രാധാന്യം നൽകുക.

13 - സർഗ്ഗശേഷി പ്രോത്സാഹിപ്പിക്കുക. ഒപ്പം സ്വയം പരിശീലനങ്ങളും.

14 - പരിസ്ഥിതി പഠനത്തിനും, ഭൂമിയുടെ ചരിത്രം, ഭൂമിശാസ്ത്രം തുടങ്ങിയ പഠനങ്ങൾക്കും പ്രോത്സാഹനം നൽകുക.

15 - കായിക മികവുകൾ വികസിപ്പിക്കാൻ അവസരം നൽകുക.

16. മാനസിക വികാസത്തിന് അനുയോജ്യമായ കൗൺസിലിംഗ് നൽകുക.

17. കായിക മത്സരങ്ങൾക്ക് പരിശീലനം നൽകുക.

18 - ഒഴിവു വേളകളിൽ കൊക്കോ പോലുള്ള കളികളിൽ പ്രാപ്തരാക്കുക.

19. സെമിനാറുകൾ, പ്രോജക്ടുകൾ എന്നിവ പരിചയപ്പെടുക.

20 ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് സജ്ജരാക്കുക.

21 സാമൂഹ്യ ബോധം വളർത്തുക. നല്ല മനോഭാവം വളർത്തുക.

## പൊതു ലക്ഷ്യങ്ങൾ

1- സ്കൂളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്നുറപ്പാക്കുക.

2- എല്ലാ കുട്ടികൾക്കും എഴുതാനും വായിക്കാനും ഉള്ള പരിശീലനങ്ങൾ ഉറപ്പു വരുത്തുന്നു.

3. ഓരോ കുട്ടിയുടെയും അഭിരുചി, കഴിവ് എന്നിവക്ക് അനുസരണമായി പ്രോത്സാഹനങ്ങൾ നൽകുക.

4- പിന്നോക്കക്കാരെ മുന്നോക്കക്കാരായി മാറ്റാൻ അനുയോജ്യ പ്രവർത്തനങ്ങൾ നൽകുക.

5- പാഠാനുബന്ധ പ്രവർത്തനങ്ങൾ നൽകുക.

6- ലാബുകൾ, പ്രൊജക്ടറുകൾ എന്നിവ പരമാവധി പ്രയോജനപ്പെടുത്തി പഠനം ലളിത വൽക്കരിക്കുക. ക്രിയേറ്റീവ് കോർണർ പ്രയോജനപ്പെടുത്തുക

7- ഭാഷാ നൈപുണി വികസിപ്പിക്കുക.

8- ഗണിത ശേഷികൾ ഗ്രഹണതലത്തിൽ എത്തിക്കുക. താൽപര്യം വളർത്തുക.

9- ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിന ജല നിർമ്മാർജനം എന്നിവ നടപ്പിലാക്കുക.

2025 -26 വർഷത്തിൽ സ്റ്റേജിന് മേൽക്കൂര നിർമ്മിച്ചു. നാമകരണം നടത്തി. സ്കൂൾ ക്ലീനിംഗ് പ്രവർത്തനം സുഗമമാക്കി. ഒന്നാം ക്ലാസ് സൗന്ദര്യവൽക്കരിച്ചു. LP, UP ക്ലാസുകൾക്ക് സ്പോർട്സ് റൂം നിർമ്മിച്ചു.

| ഉദ്ദേശ്യം | പ്രവർത്തനം | കാലയളവ് | material | ചുമതല |
|---|---|---|---|---|
| പുസ്തക ചർച്ച പോഷണം- കുട്ടിയെ മികച്ച എഴുത്തു കാരനാക്കുക | പുസ്തകചർച്ച – സംവാദം<br>രചനാ ശിൽപശാല<br>വായനാ സാമഗ്രികൾ വികസിപ്പിക്കൽ<br>E - വായന | | | ഭാഷാ, വിദഗ്ദർ |
| | എഴുത്തുകൂട്ട രൂപീകരണം. | ജൂൺ | പുസ്തകങ്ങൾ | |
| | പുസ്തകം - വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>ചുമർ പത്രം - പതിപ്പ് | | | |
| (തനത് പ്രവർത്തനം) | സ്കൂൾ പത്രം എന്നിവ തയ്യാറാക്കൽ . | monthly | | |
| | എന്റെ മികവുകൾ - മാഗസിൻ രൂപീകരണം | ആദ്യവർഷം | | PTA |
| | ക്ലാസ് മാഗസിൻ - സ്കൂൾ മാഗസിൻ | June-Feb | | |
| | സാഹിത്യ സാംസ്കാരിക ചിത്ര ഗാലറി | 1 day | | |
| | സ്കൂൾ വിക്കി അപ്ഡേഷൻ | | | |

| ഉദ്ദേശ്യം | പ്രവർത്തനം | കാലയളവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|
| പത്രവായന പരിപോഷിപ്പിക്കൽ | പത്രവായന-<br>ഓരോ ക്ലാസിലും ഓരോ പത്രം.<br>പ്രധാന വാർത്താവതരണം<br>B-Bയിൽ രേഖപ്പെടുത്തൽ<br>പത്ര ക്വിസ് | ജൂൺ — ഫിബ്രവരി | പത്രം<br>B-B | SSG |
| | അമ്മ വായന- അമ്മയും കുഞ്ഞും ക്വിസ് | ജൂൺ | | അമ്മമാർ |
| | വായനാനുഭവം പങ്കുവയ്ക്കൽ<br>വായനാ ക്വിസ് – പതിപ്പ്<br>ദിനാചരണങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും | | | SSG |
| കുട്ടികളുടെ സർഗശേഷി വികാസം. | വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനങ്ങൾ<br>സർഗ വാണി<br>സാഹിത്യകാരന്മാരുമായുള്ള അഭിമുഖം | 1-year (Friday) | | വിദ്യാരംഗം co-ordinator |

| ഉദ്ദേശ്യം | പ്രവർത്തനം | കാലയളവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|
| 1 എല്ലാ കുട്ടികളും മലയാളം അനായാസമായി എഴുതുകയും വായിക്കുകയും ചെയ്യുക. | പ്രീ-ടെസ്റ്റ്<br>അക്ഷരം ഉറപ്പിക്കൽ<br>അടയാളം/ചിഹ്നം ഉറപ്പിക്കൽ<br>അക്ഷര കാർഡ് വായന | ജൂൺ | വായനാ ചെപ്പിലിയർ | PTA |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക | പദകാർഡ് വായന<br>വാക്യ നിർമ്മാണം<br>ചിത്രങ്ങൾക്ക് അടിക്കുറിപ്പ് രേഖപ്പെടുത്തൽ | ജൂലൈ | | LED - 4.<br>Lang. Tr. |
| | ചിത്രം കഥ പറയൽ<br>ചിത്രം - കഥാലേഖനം | ആഗസ്റ്റ് | Pendrive | മലയാളം ടീച്ചർ |
| 2 - കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | കഥാ പൂരണം - സംയുക്തഡയറി<br>കഥാ പുസ്തകം/ലൈബ്രറി വായന - കുറിപ്പ് രേഖപ്പെടുത്തൽ | | സ്കൂൾ ലൈബ്രറി | |
| | മെന്റർ ക്ലാസ്. | ഒരു വർഷം | | All teachers |
| എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | ക്ലാസ് വായനാക്കൂട്ടം രൂപീകരണം.<br>വായനാ മൂല - ക്ലാസ് ലൈബ്രറി<br>വായനാ മത്സരം/വായനോത്സവം<br>കവിതാലാപന മത്സരം | ഒരു വർഷം | Monthly | ലൈബ്രറി |

| ഉദ്ദേശ്യം | പ്രവർത്തനം | ചുമതല | കാലം | fund |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിക്കുന്ന പഠനനേട്ടങ്ങൾ കുട്ടി സ്വായത്തമാക്കുന്നു. (സംഖ്യാബോധം) | <u>ഞാനാര്</u><br>ഒരു സംഖ്യയ്ക്ക് ബഹുവിശേഷണങ്ങൾ നൽകി സംഖ്യ പറയാൻ ആവശ്യപ്പെടുന്നു. (സംഖ്യാരൂപങ്ങൾ ഭിന്നസംഖ്യകൾ, ഭാജ്യ അഭാജ്യസംഖ്യകൾ, ദശാംശസംഖ്യകൾ, വർഗ്ഗസംഖ്യകൾ, LCM, HCF . . .)<br><u>തൂവാലക്കളി</u><br>നിർദ്ദേശിക്കുന്ന സംഖ്യകൾ കണ്ടെത്തി ആദ്യം തൂവാലയെടുക്കുന്ന ഗ്രൂപ്പിന് ഒരു point - sentence card, No: card. | ക്ലാസ് ടീച്ചർ വിഷയം ഗ്രൂപ്പ് ലീഡർ | അരക്കൊ-ല്ലപഠന വേള 1 period | 300 |
| അനുയോജ്യ പഠനതന്ത്രങ്ങൾ എല്ലാ കുട്ടികളും നേടുക. താൽപര്യം വർദ്ധിപ്പിക്കുക. നിർമ്മാണാഭിരുചി വികസിപ്പിക്കുക. ആശയം ഗ്രഹിക്കുക (പഠനോപകരണങ്ങൾ) | <u>നിർമ്മിതി - ശിൽപശാല</u><br>പാഠഭാഗവുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ നിർമ്മിക്കുന്നു. (ഉദാ, fraction disc, ജ്യാമിതിയ രൂപങ്ങൾ, ത്രികോണ നിർമ്മിതികൾ - ഭിന്നസംഖ്യാ രൂപങ്ങൾ, rotating wheels - തുകയും വ്യത്യാസവും - കോണുകളും വിരിവുകളും | ഗണിതാധ്യാപിക കുട്ടികൾ | ഒഴിവുദിനങ്ങൾ 5 days in a year June - march | 4000 |
| പഠനസംബന്ധിയായ ഉപകരണങ്ങൾ, വസ്തുക്കൾ ആശയങ്ങൾ, | <u>ഗണിതമൂല</u><br>പാഠഭാഗവുമായി ബന്ധപ്പെട്ട അതാത് കാലയളവിലെ വസ്തുക്കളും പഠന സാമഗ്രികളും | | | |

* ഗണിത ശാസ്ത്രജ്ഞരെയും ദിനങ്ങളെയും തിരിച്ചറിയുക.
* എല്ലാ ഗണിത ശേഷിയും എല്ലാ കുട്ടികളിലും നേടി എന്നുറപ്പ് വരുത്തുക.
* പ്രൊജക്ടുകളും സെമിനാറുകളും പരിചയപ്പെടൽ
* ഗണിത മേളകളിൽ പങ്കെടുക്കുക. കഴിവുകൾ പ്രദർശിപ്പിക്കുക.
* എല്ലാം ഉൾക്കൊള്ളിച്ച് ഗണിത മാഗസിനുകൾ രൂപീകരിക്കുക.
* ഗണിത മേളകളിലൂടെ ആശയം നേടുക.

# ലക്ഷ്യങ്ങൾ

- ഗണിതം ലളിതവും ആസ്വാദ്യകരവും, താത്പര്യജനകവുമാക്കിത്തീർക്കുക.
- വിനോദ പ്രവർത്തനങ്ങൾക്കും, ഔട്ട് ഡോർ പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകുക.
- ICT ഉപയോഗിച്ച് പഠനം ലളിതവത്ക്കരിക്കുക.
- രക്ഷിതാക്കളുടെ പിന്തുണ ഗണിത പഠനത്തിൽ ഉറപ്പുവരുത്തുക.
- വർക്ക് ഷീറ്റ് നിർമ്മാണം സ്വായത്തമാക്കുക.
- ഗണിതോപകരണ നിർമ്മാണ ശേഷി വികസിപ്പിക്കുക.
- സ്വയം ചോദ്യബാങ്ക് തയ്യാറാക്കൽ. ഗണിത നിഘണ്ടു തയ്യാറാക്കൽ
- കൃത്യത, സൂക്ഷ്മത, വേഗത ഇവ പാലിച്ചുകൊണ്ട് ഉത്തരം കണ്ടെത്താനുള്ള കഴിവ്.
- അപഗ്രഥിക്കാനും നിഗമനം കണ്ടെത്താനും, വ്യാഖ്യാനിക്കാനുമുള്ള കഴിവ് നേടൽ.
- ചതുഷ്ക്രിയകൾ ഉറപ്പിക്കാനും, പ്രായോഗിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും. ദൈനംദിന ജീവിതത്തിൽ അതിന്റെ പ്രാധാന്യം തിരിച്ചറിയാനുമുള്ള കഴിവ് നേടൽ.
- ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ, നിർമിക്കൽ.
- ഗുണന വസ്തുതകൾ ഗ്രഹിക്കൽ
- ഗണിത ചിന്ത, യുക്തിചിന്ത, എല്ലാ കുട്ടികളിലും വളർത്തുക
- ഗണിത ലാബ് വികസിപ്പിക്കുക.

| ഉദ്ദേശ്യം | പ്രവർത്തനം | ചുമതല | കാലയളവ് | ഫണ്ട് |
|---|---|---|---|---|
| | [ വീടിന്റെ മേൽക്കൂര, ത്രികോണങ്ങൾ, ചതുരങ്ങൾ, സാമാന്തരികം, സംഖ്യാബന്ധങ്ങൾ ശ്രേണികൾ ...] | | | |
| ചോദ്യങ്ങൾ തയ്യാറാക്കാനും ആശയങ്ങൾ ഗ്രഹിക്കാനും അപഗ്രഥിക്കാനും, തന്റെ തന്നെ വസ്തുത കണ്ടെത്തി തിരിച്ചറിയാനും നിഗമനത്തിലെത്താനും സാധിക്കുന്നു. | QUESTION BANK തയ്യാറാക്കൽ<br>എല്ലാ കുട്ടികളും യൂണിറ്റുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ തയ്യാറാക്കുന്നു. ഒന്നിച്ച് QB തയ്യാറാക്കുന്നു. | കുട്ടികൾ Teachers Parents | June - march | |
| ആശയങ്ങൾ ഗ്രഹിച്ച് തുടർ പ്രവർത്തനങ്ങളിലും പഠനങ്ങളിലും വ്യാപൃതരാകുന്നു. | മികവിൽ പറക്കാം<br>ഗണിത ക്ലബ്ബിന്റെ നേതൃത്വത്തിൽ പുസ്തക പരിചയം മികവാർന്നവർക്ക്, special Talent Coaching ക്ലാസുകൾ, ക്വിസ് പ്രോഗ്രാമുകൾ. ഗണിത ക്ലബ്ബ് പ്രവർത്തനം. | Guest T's | June - march | 2000 |
| പാഠഭാഗങ്ങൾ ആശയങ്ങൾ വസ്തുതകൾ ഗ്രഹിക്കുന്നു. | ഗണിത നടത്തം<br>പ്രകൃതിയിലേക്ക് - നിരീക്ഷണങ്ങളും കണ്ടെത്തലും (കിളികൾ, മരങ്ങൾ, വാഹനങ്ങൾ, സമാന്തരവരകൾ, അങ്ങോട്ടേക്ക്-ഇങ്ങോട്ടേക്ക്? ജ്യാമിതീയ രൂപങ്ങൾ) | T's Students | പാഠബന്ധം ½ hour | |

| ഉദ്ദേശ്യം | പ്രവർത്തനം | ചുമതല | കാലം | Fund |
|---|---|---|---|---|
| CPTA - ശാക്തീകരണം രക്ഷിതാവും - കുട്ടിയും ടീച്ചറും ചേർന്ന് ലക്ഷ്യത്തിലേക്ക്. CO നേടി എന്ന് ഉറപ്പാക്കാൻ | **CPTA**<br>പാഠഭാഗത്തിന്റെ ആശയ സൂചനയും ലക്ഷ്യവും ബോധ്യപ്പെടുത്തുക. കുട്ടിയ്ക്ക് പിന്തുണ ഉറപ്പിക്കൽ HW - project, മറ്റ് വർക്കുകളിൽ സഹായം - ദിവസ് അവലോകനം പോരായ്മ പരിഹരിക്കുന്നതിൽ PTA യുടെ പങ്ക്. | monthly CPTA കുട്ടികൾ | monthly | |
| ഓരോ യൂണിറ്റും അതിലെ ആശയങ്ങളും വസ്തുതകളും തിരിച്ചറിയൽ | **ഗണിത നിഘണ്ടു**<br>കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ഗ്രൂപ്പിനും ഓരോ യൂണിറ്റ് നൽകി, അതിലെ പദങ്ങളുടെ നിഘണ്ടു തയ്യാറാക്കൽ. | maths Tr കുട്ടികൾ | 2 times in a year or according to th Tr. | |
| സ്വായത്തമാക്ക അറിവ് പ്രയോഗവത്കരിക്കൽ | **ഗണിതമേള**<br>സ്കൂളിൽ ഗണിതമേള നടത്തൽ ( Puzzle, game, number chart, Geometrical chart, Seminar, quiz ....) | PTA കുട്ടികൾ Tr (maths club) | 1day | |
| പാഠഭാഗങ്ങളിലെ ആശയം ഉൾക്കൊണ്ട് അറിവ് പ്രയോഗിക്കുക. | **WORK SHEET തയ്യാറാക്കൽ**<br>പാഠാനുബന്ധ WS തയ്യാറാക്കൽ തുടർപ്രവർത്തനമായും WS തയ്യാറാക്കൽ | കുട്ടികൾ maths Tr Parents | June - march | 2000 |

| ഉദ്ദേശ്യം | പ്രവർത്തനം | ചുമതല | കാലയളവ് | Fund |
|---|---|---|---|---|
| കട്ടിംഗുകൾ എന്നിവ പാഠഭാഗബന്ധമായി കുട്ടികൾക്ക് കൈകാര്യം ചെയ്യാൻ, ഗ്രഹിക്കാൻ | ഉൽപന്നങ്ങളും സൂചികകളും പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. ( പതിപ്പുകൾ, cards, beads, disc, books...) | കുട്ടികൾ maths tr | June-march | 500 |
| ഗണിത ശാസ്ത്ര മേഖലയെ തിരിച്ചറിയാനും ഗണിത ശാസ്ത്രജ്ഞരെയും അവരുടെ സംഭാവനകളും മനസിലാക്കുന്നു. വായന പരിപോഷിപ്പിക്കാനും. | **ഗണിതലൈബ്രറി**<br>ഗണിതവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ശേഖരിച്ച് ലാബിൽ സൂക്ഷിക്കുക. താൽപര്യമുള്ളവർ എടുത്ത് വായിക്കാനും റഫർ ചെയ്യാനും അവസരം നൽകൽ ( ക്വിസുകൾ, സെമിനാർ പ്രോജക്ട്, ശാസ്ത്രജ്ഞർ, ഗണിതകേളികൾ ആനുകാലികങ്ങൾ .....) | maths Tr<br>maths club<br>BRC | June-march | 3000 |
| ഗണിതവുമായി ബന്ധപ്പെടുത്തി സർഗാത്മക അവതരണം. ഗണിതവസ്തുത എല്ലാ കുട്ടികളിലും എത്തിക്കൽ. | **ഗണിതദിനം**<br>ഗണിതാശയങ്ങളും വസ്തുതകളും ഉൾപ്പെടുത്തി സർഗാത്മക അവതരണം - (ഗാന skit, വള്ളംകളി, കഥാപ്രസംഗം, മാപ്പിളപ്പാട്ട്, തിരുവാതിരക്കളി, തുള്ളൽ ...) | കുട്ടികൾ<br>Teachers<br>PTA<br>SSG | 1 day | |
| കുട്ടികൾ എത്രത്തോളം ഗ്രഹിച്ചു എന്ന് കണ്ടെത്തൽ | **യൂണിറ്റ് ടെസ്റ്റ്**<br>യൂണിറ്റ് ടെസ്റ്റിലൂടെ കുട്ടികളെ വിലയിരുത്തൽ, അതനുസരിച്ച് പിന്നോക്കം നിൽക്കുന്നവർക്ക് രക്ഷിതാക്കളുമായി ആലോചിച്ചും | maths Tr<br>രക്ഷിതാവ്<br>കുട്ടി | ഓരോ യൂണിറ്റ്<br>June-march | 500 |

ഭാഷാ വികസനം

ലക്ഷ്യങ്ങൾ

× അക്ഷരങ്ങളും ചിഹ്നങ്ങളും ചില്ലക്ഷരങ്ങൾ, കൂട്ടക്ഷരങ്ങൾ, ആ പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.

× കാണുന്നതും കേൾക്കുന്നതും, ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ എഴുതുകയും, വായിക്കുകയും, പഠിക്കുകയും ചെയ്യുക.

× ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗ്ഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.

× എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു എന്ന് ഉറപ്പു വരുത്തുക.

× സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ.

× ഭാഷാ ശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാസാധ്യതകളെ പ്രയോജനപ്പെടുത്തുക.

| ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | fund |
|---|---|---|---|---|
| ഗണിതത്തിന്റെ വിശാലത തിരിച്ചറിയുന്നു. മാഗസിൻ ഒക്കെയും മറ്റും ഗ്രഹിക്കുന്നു. സർഗശേഷി പ്രയോഗിക്കുന്നു. | <u>ഗണിത മാഗസിൻ</u><br>എല്ലാ നിലവാരത്തിലുമുള്ള കുട്ടികളെയും ഉൾക്കൊള്ളിച്ച് കൊണ്ട് ഗണിതത്തിലെ എല്ലാ മേഖലകളെയും ഉൾപ്പെടുത്തി മാഗസിൻ തയ്യാറാക്കുന്നു. | maths club students maths Tr | 1 year | 500 |
| എല്ലാ കുട്ടികൾക്കും അവസരം ലഭ്യമാക്കുക. | മെന്റർ ക്ലാസ് | students maths Tr | 1 year | |
| | | | | |

| ഉദ്ദേശ്യം | പ്രവർത്തനം | ചുമതല | Period | fund |
|---|---|---|---|---|
| അരോഹണ, അവരോഹണ ക്രമം ഗ്രഹിക്കുന്നു. | **ഒന്നാം - ഇരട്ടം**<br>സ്കൂൾ പടികൾ - Number രേഖപ്പെടുത്തിയത് ഒന്നാം- ഇരട്ടം . ഒറ്റ, ഇരട്ട, ഭാജ്യ അഭാജ്യ സംഖ്യകളെ ചുമർചിത്രങ്ങൾ. | Painter PTA Students Tr | പാഠഭാഗം 1 period | 500 |
| പിന്നാക്കക്കാരെ മുൻനിരയിലെത്തിക്കാൻ എല്ലാവർക്കും CO's സ്വായത്തമാക്കാൻ | **ഗണിതം മധുരം**<br>Special പാട്ടുകളും, കളികളും പഠനോപകരണങ്ങളും ഉപയോഗിച്ച് - രക്ഷിതാക്കളുടെ സഹായത്തോടെ പഠനം ലളിതമാക്കുന്നു | BRC Tr All Trs BW Students | daily | 2000 |
| വസ്തുതകൾ അപഗ്രഥിക്കാനും നിഗമനത്തിലെത്താനും കഴിവ് നേടുന്നു | **പ്രോജക്ടുകൾ**<br>പാഠാനുബന്ധ പ്രോജക്ടുകൾ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കൽ (ഭരണിയ ജ്യാമിതി, ശരാശരി, വ്യാപ്തം, പരപ്പളവ് സമചതുര സംഖ്യകൾ ഉൾപ്പെടുത്തി എണ്ണം) | കുട്ടികൾ | June - march | |
| പഠിച്ച കാര്യങ്ങൾ സെമിനാർ രൂപത്തിൽ അവതരിപ്പിക്കൽ | **സെമിനാറുകൾ**<br>മികവാർന്ന കുട്ടികൾ ക്ലാസിൽ സെമിനാറുകൾ അവതരിപ്പിക്കുന്നു. (ശരാശരി, ശതമാനം, വ്യാപ്തം) | കുട്ടികൾ | June - march | |
| | | | | |

അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന സംഗീത സുന്ദരമായ ഭാഷയായ ഉർദു ഗസലുകളുടെയും ഖവാലികളുടെയും ഹിന്ദുസ്ഥാൻ സംഗീതത്തിന്റെയും അന്തർധാരയാണ്. സാംസ്കാരിക സമന്വയത്തിന്റെയും മാനവ സാഹോദര്യത്തിന്റെയും മുദ്രാവാക്യം ഉയർത്തിപ്പിടിക്കുന്ന ഭാഷയാണ് ഉർദു അറിയപ്പെടുന്നത്.

നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജിക്ക് ഏറെ പ്രിയപ്പെട്ട ഭാഷകളിൽ ഒന്നായ ഉർദു, യൂനാനി വൈദ്യശാസ്ത്രത്തിന്റെ കലവറ കൂടിയായ സാഹിത്യ സമ്പന്നമായ കാവ്യഭാഷയാണ്. ഇന്ത്യയിൽ പിറവി കൊണ്ട ഈ ലളിത സുന്ദരമായ ഭാഷ ദേശഭക്തിയുടെയും മതമൈത്രത്തിന്റെയും പര്യായമാണ്.

ഞരാമ്പം ജി. എം യു. പി സ്കൂളിൽ ഉർദു ഭാഷാ പഠനവുമായി ബന്ധപ്പെട്ട് ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക, ഭൗതിക, സാമൂഹിക പ്രവർത്തനങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

| | ഉദ്ദേശ്യം | പ്രവർത്തനം | കാലയളവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|---|---|
| | നന്നും ആയ വസ്തുക്കളുടെ പേര് ഹിന്ദിയിൽ എഴുതുക, പറയുക | b) ICT സഹായത്തോടെ വസ്തു വിവരങ്ങൾ ഉപയോഗിക്കാനുള്ള അവസരം<br>c) CWSN കുട്ടികളുടെ പങ്കാളിത്തം. | | | |
| 3 | അനുഭവങ്ങൾ തെരഞ്ഞെടുക്കാനും ... സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം (Sureel, Hindi) | a) ഹിന്ദി അസംബ്ലി<br>b) ദിനാചരണങ്ങൾ (Sep-14, Jan-10)<br>c) ക്ലാസ് ലൈബ്രറി<br>d) അധിക വായനാ സാമഗ്രികൾ<br>e) ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>F) ചിത്രം - അടിക്കുറിപ്പ്<br>g) ചിത്രം - കഥ പറയൽ<br>h) ചിത്രം - കഥ എഴുതൽ<br>i) കഥ ബാക്കി എഴുതൽ<br>j) വായനാ മൂല<br>K) ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ | നവംബർ TO ഫെബ്രുവരി | പുസ്തകങ്ങൾ | BRC<br>DIET<br>PTA<br>SCERT |

| Sl No | പ്രോഗ്രാം | പ്രവർത്തനങ്ങൾ | മാസങ്ങൾ | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | യു.പി സ്കൂളിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും ചിഹ്നങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | a) അക്ഷരം, എഴുത്ത്<br>b) ചിഹ്നം ഉറപ്പിക്കൽ, ചില്ലക്ഷരങ്ങൾ, കൂട്ടക്ഷരങ്ങൾ ഉറപ്പിക്കൽ<br>c) അക്ഷരകാർഡ് - വാക്കുകൾ എഴുതിയ കാർഡ്<br>d) ക്ലാസിൽ അക്ഷരമാല പ്രദർശനം (നോട്ടുബുക്കിൽ ഉൾപ്പെടുത്തുന്നു.)<br>e) വാക്കുകൾ നിർമ്മിക്കൽ<br>F) വാക്യങ്ങളുടെ നിർമാണം. | ജൂൺ ജൂലൈ ആഗസ്റ്റ് | അക്ഷരചാർട്ട് (നോട്ട് ബുക്കിൽ) പാഠപുസ്തകം | BRC DIET SCERT Resource Teachers. |
| 2 | വീട് ഒരു പരീക്ഷണശാല (ലഭ്യമായതും കേട്ടതും ഉപയോഗിക്കു- | a) വീട്ടിൽ ഉപയോഗിക്കുന്ന നിത്യോപയോഗ ഉപകരണങ്ങളുടെ പേര് ഹിന്ദിയിൽ എഴുതുക. (Note) | സെപ്റ്റംബർ ഒക്ടോബർ | ഹിന്ദി നിഘണ്ടു | PTA, BRC Resource Teachers. |

## പൊതു ലക്ഷ്യങ്ങൾ

- സാമൂഹ്യ ചിന്ത, സാമൂഹ്യബോധം, സാമൂഹ്യശാസ്ത്ര വിശകലന ശേഷി, അന്വേഷണ പാഠവം എന്നിവ ആർജ്ജിക്കുക.
- ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് സാമൂഹ്യശാസ്ത്ര പഠനം പ്രയോജനപ്പെടുത്തുക.
- മതേതര ജനാധിപത്യബോധം വളർത്തുന്ന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുക.
- പ്രാദേശിക ചരിത്രാവബോധം വളർത്തുക.
- പഠനയാത്രകൾ സംഘടിപ്പിച്ച് ചരിത്ര പഠനം കാര്യക്ഷമമാക്കുക.
- അർത്ഥപൂർണ്ണമായ ഭൂപട വായന സാധ്യമാക്കുക.
- ക്ലബ് പ്രവർത്തനങ്ങളിലൂടെ സാമൂഹ്യ അവബോധം വളർത്തുക.
- പൊതു വിജ്ഞാനത്തിന് ഊന്നൽ നൽകിയ പഠന രീതികൾ അവലംബിക്കുക.
- ശാസ്ത്ര പഠനത്തിൽ ICT സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക.

# പ്രവർത്തന പദ്ധതി മാർഗരേഖ

| ക്രമ നമ്പർ | പ്രവർത്തനം | ഉപ പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ഫണ്ട് | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| 1 | 'മിഠി ആവാസ്' വായന | വായനാ മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ, ബാലമാസികകൾ, വായനാകാർഡുകൾ, തുടങ്ങിയവ വായനക്ക് ലഭ്യമാക്കുക പ്രാവർത്തികമാക്കുക. | വിവിധ ദിനാചരണങ്ങൾ | സബ്ജക്ട് കൗൺസിൽ | 1000 | HM |
| 2. | കയ്യെഴുത്ത് മാഗസിൻ | രചനാശേഷി വളർത്തൽ, ഉർദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കയ്യെഴുത്ത് എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനും കുട്ടികളുടെ സർഗ്ഗാത്മകത വളർത്തുന്നതിനും കയ്യെഴുത്ത് മാസിക, ചുമർപത്രിക, വായനാകാർഡ് എന്നിവയുടെ നിർമ്മാണം. | ടേം-ൽ 1 വീതം | ഉർദു Sub-council | 500 | HM Urdu Tr |
| 3. | ഉർദു പൊതുവിജ്ഞാനം | പൊതുവായനയും ഉർദുവിൽ ഊന്നുമായ പൊതുവിജ്ഞാനം. | എല്ലാ മാസവും | ഉർദു ക്ലബ്ബ് | | HM Urdu Tr |
| 4 | ഉർദു ദിനം | ടാലന്റ് മീറ്റ്, അക്ഷരമരം, എന്റെ പരിപ്പ് | Nov. 9 | Urdu club | 600 | HM Urdu Tr |
| 5 | ദിനാചരണങ്ങൾ | വിവിധ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ ഭാഷാശേഷി വളർത്തുന്നതിനും, സർഗ്ഗാത്മകത വളർത്തുന്നതിനും | അതത് ദിനാചരണങ്ങളിൽ | Urdu Sub. council | 500 | HM Urdu Tr |

പൊതു ലക്ഷ്യങ്ങൾ

* ഉർദു ഭാഷാ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക.
* ഉർദു ഭാഷ പഠിക്കുന്ന എല്ലാ കുട്ടികൾക്കും തെറ്റില്ലാതെ ഉർദു എഴുതുവാനും വായിക്കാനും മനസ്സിലാക്കാനുമുള്ള ശേഷി ഉറപ്പാക്കുക.
* വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനും കഴിവ് നേടുക.
* എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്ത് സ്വായത്തമാക്കാൻ പരിശീലനം നൽകുക.
* ഉർദു ഭാഷാ പഠനത്തിലൂടെ ജനാധിപത്യ മതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന നല്ലവരായ കുട്ടികളെ വാർത്തെടുക്കുക.
* ഉർദു ഭാഷയെക്കുറിച്ച് സാമാന്യ അവബോധം വളർത്തുക.
* വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷി കുട്ടികളിൽ വളർത്തുക.

| | | | | |
|---|---|---|---|---|
| 6- വിവര സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ഇതിന്റെ പ്രവർത്തനങ്ങളെ കുറിച്ചും റോഡ് സുരക്ഷയെ കുറിച്ചും കുട്ടികളെ ബോധവത്ക്കരിക്കുക. | സാമൂഹ്യ ശാസ്ത്രക്ലബ്ബിന്റെ അഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക. | ജനുവരി | സോഷ്യൽ ക്ലബ്<br>ജാഗ്രത സമിതി | |
| 7- സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | മനുഷ്യന്റെ ഇടപെടലുകൾ മൂലം നഷ്ടമായിക്കൊണ്ടിരിക്കുന്ന കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ എന്നിവ സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കുക -<br>സെമിനാർ പ്രൊജക്ട്സ് | | | |

| | | | | |
|---|---|---|---|---|
| | ബോധവത്കരണ ക്ലാസുകൾ സ്കിറ്റ്, പ്രൊജക്ട് | | | • |
| 4. ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | • സ്കൂൾ പാർലമെന്റ് രൂപീകരണം. × ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനം മനസ്സിലാക്കുക. | സെപ്തംബർ | സാമൂഹ്യശാസ്ത്ര അധ്യാപകൻ. | |
| 5. പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് ബോധവാൻമാരാക്കുകയും പരിഹാര മാർഗ നിർദ്ദേശങ്ങൾ നൽകുക. | • ഭൂകമ്പം, വെള്ളപ്പൊക്കം, ഉരുൾ പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്ത തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമന സേനയുടെ സഹായത്തോടെ ബോധവത്കരണ ക്ലാസ് സംഘടിപ്പിക്കുകയും ചെയ്യുക. ഒപ്പം രക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാൻമാരാക്കുകയും ചെയ്യുക. | നവംബർ-ഡിസംബർ | സ്കൂൾ ക്ലബ് | 1000/- PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സ്വാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 1. സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ എന്നിവ പരിശോധിക്കാൻ നേടിയെടുക്കൽ. | • സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാന അറിവ് പരിശോധിക്കുന്നതിന് ഉതകുന്ന പ്രഹേളികൾ പഠിതാവിന് നൽകുന്നു.<br>ജിഗ്സോ ഗെയിം<br>• നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ തുടങ്ങി അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കിയ ചോദ്യോത്തര വേദ.<br>മേമ - ജിഗ്സോ ഗെയിം. | ജൂൺ | | |
| 2. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | • ICT സാധ്യതകളുപയോഗിച്ച് ലോക ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിക്കുക.<br>(virtual field trip) | ജൂലൈ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ. | |
| 3. ദിനാചരണത്തിന്റെ പ്രാധാന്യത്തെ കുറിച്ച് പഠിതാക്കളെ ബോധവാന്മാരാക്കുക. | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്ലക്കാർഡുകൾ, ഫ്ലാഷ് മോബ്, തെരുവുനാടകം എന്നിവ സംഘടിപ്പിക്കുക. | | | |

| | | | | |
|---|---|---|---|---|
| 5- ശാസ്ത്ര പുസ്തകങ്ങൾ സ്കൂൾ ലൈബ്രറിയിൽ നിന്നും ശേഖരിച്ച് ശാസ്ത്ര ലൈബ്രറി വിപുലമാക്കുക. | • ജന്മദിനത്തിൽ ശാസ്ത്രപുസ്തകങ്ങൾ നൽകുന്നത് പ്രോത്സാഹിപ്പിക്കുക. | | | |
| 6- ശാസ്ത്രം, പരിസ്ഥിതി എന്നിവയുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ നടത്തുക. | • പോസ്റ്റർ നിർമാണം<br>• ക്വിസ്<br>• ശാസ്ത്രോപകരണ നിർമാണം.<br>• വീഡിയോ പ്രദർശനം.<br>• ശാസ്ത്ര മാഗസിൻ<br>• ശാസ്ത്ര ആൽബം. | | | |
| 7- ശാസ്ത്ര ബുള്ളറ്റിൻ ബോർഡ് തയ്യാറാക്കുക | • ശാസ്ത്ര മേഖലയിലെ സമകാലിക സംഭവങ്ങൾ കുട്ടികളിലേക്ക് എത്തിക്കുക. | | സയൻസ് ക്ലബ് | |
| 8- ചോദ്യ ബാങ്ക് തയ്യാറാക്കുക. | • UP ക്ലാസുകളിലെ പുസ്തകങ്ങളിൽ മത്സര പരീക്ഷകൾക്കാവശ്യമായ ചോദ്യങ്ങൾ കുട്ടികൾ സ്വയം തയ്യാറാക്കുക. (eg - USS) | ജൂൺ - മാർച്ച് | കുട്ടികൾ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| പ്രകൃതി പഠനം, പ്രകൃതി സംരക്ഷണം, കാർഷിക സംസ്കാരം വളർത്തുക. | • ഔഷധ തോട്ട നിർമ്മാണം<br>• പതി വയ്ക്കൽ, കൊമ്പ് ഒട്ടിക്കൽ, മുകുളം ഒട്ടിക്കൽ, തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്ത് നിരീക്ഷിക്കുക.<br>• കർഷകരുമായി അഭിമുഖം.<br>• ഫീൽഡ് ട്രിപ്പ്.<br>• പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ് | ജൂൺ | ശാസ്ത്ര അധ്യാപകർ<br>പരിസ്ഥിതി ക്ലബ്ബ് | |
| 2. ശാസ്ത്ര പഠനശേഷി വികസിപ്പിക്കുക. | • ലഭ്യമായ സാധന സാമഗ്രികൾ ഉപയോഗിച്ച് പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് വീട്ടിലൊരു ലാബ് ഒരുക്കുക. | | രക്ഷിതാക്കൾ | |
| 3. ശാസ്ത്രപഠനത്തിൽ ICT സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക | പ്രൊജക്ടർ ഉപയോഗിക്കുക | ജൂൺ മാർച്ച് | അധ്യാപകർ | |
| 4. ശാസ്ത്രലാബിന്റെ പ്രവർത്തനം കാര്യക്ഷമമായ രീതിയിൽ കുട്ടികളിൽ എത്തിക്കുക. | ഓരോ യൂണിറ്റുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ചെയ്ത് പഠനനേട്ടം കൈവരിക്കുക. | | | |

## പൊതുലക്ഷ്യങ്ങൾ :

1. ശാസ്ത്രബോധം, ശാസ്ത്രചിന്ത, ശാസ്ത്രനൈപുണി, അന്വേഷണാത്മകത എന്നിവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. ശാസ്ത്രപഠനം സ്വായത്തമാക്കാൻ കഴിയുന്ന രീതിയിൽ ജനകീയവൽക്കരിക്കുക.
3. ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുക.
4. പരീക്ഷണ നിരീക്ഷണ പാടവം വളർത്തിയെടുക്കുക.
5. പോഷകാഹാരം ലഹരിയിൽ നിന്നുള്ള വിമുക്തി, പാരിസ്ഥിതികാവബോധം എന്നിവയിൽ ഊന്നിയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
6. കാർഷിക സംസ്കാരം വളർത്തിയെടുക്കുക.
7. ക്ലബ് പ്രവർത്തനങ്ങൾ സജീവമാക്കുക.
8. പഠനപ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുക.

| ക്രമ നമ്പർ | പ്രവർത്തന പദ്ധതി | പ്രവർത്തനം | ചുമതല | കാലം | തുക |
| --- | --- | --- | --- | --- | --- |
| 1 | വായന "റബീഅ്" | മുന്നറിവ് പരിശോധിക്കൽ, അക്ഷരങ്ങൾ ഉറപ്പിക്കൽ, വാചകങ്ങൾ ഉറപ്പിക്കൽ, വായന സാമഗ്രികൾ ശേഖരിക്കൽ (കാർഡ്, ചിത്രങ്ങൾ) വായനാമത്സരം, അഭിനയാവതരണമത്സരം. | അറബി അധ്യാപകർ | June July August | 500 |
| 2 | കയ്യെഴുത്ത് മാഗസിൻ "മജല്ല" | എല്ലാ നിലവാരത്തിലുമുള്ള കുട്ടികളെയും ഉൾക്കൊള്ളിച്ച് കൊണ്ട് ചിത്രങ്ങൾ, ചെറുകവിതകൾ, കഥകൾ, സംഭാഷണം, കുറിപ്പുകൾ, വിവരണം എന്നിവ ഉൾക്കൊള്ളുന്ന കയ്യെഴുത്ത് മാസിക. | Arabi club Arabic Teacher Students | ഒക്ടോബർ, നവംബർ | 500 |
| 3 | ദിനാചരണങ്ങൾ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പോസ്റ്ററുകൾ, കൊച്ചു പ്രസംഗം, ക്വിസ് മത്സരം സംഘടിപ്പിക്കുക. മാസത്തിലൊരിക്കൽ അറബി ബാലസഭ നടത്തുക. | Arabic Club | June to March | 500 |
| 4 | അറബി ഭാഷാവിനിമയ ശേഷി വർദ്ധിപ്പിക്കൽ | അറബി കലോത്സവത്തിലെ അറബിഭാഷയുമായി ചേർന്നവരെ ബന്ധമുള്ള പദ്യം, പദപ്പയറ്റ്, പ്രസംഗം, വിവർത്തനം, സംഭാഷണം തുടങ്ങിയ മത്സര പരിശീലനത്തിനുള്ള പ്രവർത്തനം. | Arabic Teacher All students | June to March | 500 |
| 5 | അറബി ടൈപ്പിംഗ് | അറബി ടൈപ്പിംഗ് പരിശീലനം നൽകുന്നു. അക്ഷരങ്ങൾ, വാക്കുകൾ എന്നിവ ടൈപ്പ് ചെയ്യുന്നത് കുട്ടികൾ പരിശീലിക്കുന്നു. (ലാപ്, കമ്പ്യൂട്ടർ ലാബ് സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നു) | Arabic Teacher | June to November. | |
| 6 | യൂണിറ്റ് തല നിലവാര നിർണ്ണയം. | ഓരോ യൂണിറ്റ് തലത്തിൽ പാഠങ്ങൾ അർത്ഥമറിഞ്ഞ് വായിക്കാനും എഴുതാനും കഴിയുന്ന രൂപത്തിൽ ക്ലാസിൽ പ്രദർശിപ്പിക്കുന്നു. | Arabic Teacher Students | June to March | |

# U P Arabic

# اللغة العربية

പ്രാചീന സെമിറ്റിക് ഭാഷാ കുടുംബത്തിൽ ഇന്നും സജീവമായി നിലനിൽക്കുന്ന ഏക ഭാഷ അറബിയാണ്. പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെയും വിദ്യാർത്ഥി ശാക്തീകരണത്തിന്റെയും പ്രഥമ പടിയായ അക്കാദമിക മാസ്റ്റർപ്ലാൻ നിർമ്മാണത്തിൽ ഏറെ പ്രാധാന്യം അർഹിക്കുന്ന ഒരിനമാണ് ഭാഷാപഠനം. വായനയിലൂടെയും എഴുത്തിലൂടെയും മാത്രമേ ഒരു കുട്ടിക്ക് അറിവിന്റെ ആഴങ്ങളിലേക്ക് എത്തി വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യം കൈവരിക്കാൻ സാധിക്കുകയുള്ളൂ.

ലക്ഷ്യങ്ങൾ :-

* അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക.
* വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിൽ ഒരുക്കുക.
* സർഗ്ഗ കഴിവുകൾ ഭാഷാ പഠനത്തിലൂടെ വികസിപ്പിക്കുക.
* ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
* വ്യത്യസ്ത ദിനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം.

| | | | | |
|---|---|---|---|---|
| 9 - ക്ലാസ് തല ശാസ്ത്ര മേളകൾ നടത്തുകയും കഴിവുകൾ തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. | • മാതൃകാ നിർമാണം. (still, working Model)<br>• പരീക്ഷണങ്ങൾ, ശാസ്ത്ര മാജിക്കുകൾ<br>• പ്രോജക്ട്<br>• ശാസ്ത്രപ്രദർശനം | ഫെബ്രുവരി | അധ്യാപകർ രക്ഷിതാക്കൾ | |
| 10 - പരിസ്ഥിതി സൗഹൃദ മനോഭാവവും, ആരോഗ്യകരമായ ശീലങ്ങളും വളർത്തുന്നതിന് ഊന്നൽ നൽകുക. | • ആരോഗ്യ പരിപാലനവും പ്രഥമ ശുശ്രൂഷയും എന്ന വിഷയത്തിൽ വിദഗ്ധരെ പങ്കെടുപ്പിച്ച് ബോധവത്കരണ ക്ലാസ് നൽകുക. | ഫെബ്രുവരി | | |
| 11 - ക്ലബ് പ്രവർത്തനങ്ങളിലും, സയൻസ് ലാബ് പ്രവർത്തനങ്ങളിലും പരമാവധി കുട്ടികളെ പങ്കെടുപ്പിച്ചു പഠന പ്രവർത്തനങ്ങൾ ക്രമപ്പെടുത്തുക. | • പ്രകൃതി പഠന ക്യാമ്പുകൾ സംഘടിപ്പിക്കുക<br>• ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക. | ജനുവരി | | |

| Objectives | process | Duty Assigned | period | Fund |
|---|---|---|---|---|
| • Developing the ability for all children to read and write English effortlessly. | 1. pre-test<br>2. word geme<br>3. word puzzle<br>4. construct sentences.<br>5. story telling<br>6. poem recitation.<br>7. Read News report.<br>8. caption for the picture.<br>9. Run Baby run. | English Teacher | JUNE | |
| • Make the child an excellent reader and writer. | 1. one day one word, one sentence.<br>2. Letter writing<br>3. Make description based on images, events etc.<br>4. Distributing reading | 1 year | one year | |

- Make simple sentences using the action words and naming words from the picture.
- Make simple description.
- self Introduction
- Acting ( Drama, skit, Takes, profiles, films etc )
- Reading skills :

News paper, Library books, book reveiw, breaking news, screenplay, script, seminar, projects and pamphlets etc Find words, paragraphs, Rhyming words, TB, HB activities

- writing skills :

. The ability to write correctly.

# ENGLISH

## OBJECTIVES

- To enable the students comprehened the spoken form.
- To develop students ability to use English in day today Life and real life situations
- To understand the written text and able to use skimming, scanning skills.
- To write simple english to express. L S R W
  Listen simple English, speak, Read and write.

## Listening skills

Games, Action song, skit, stories, script, posters, profileo, film description.

## Speaking skills.

- Identify the naming words from the picture.
- Identify the action words from the same picture.

| | | | |
|---|---|---|---|
| | പങ്കാളികളാവുക. | | |
| ബോധവൽക്കരണ ക്ലാസുകൾ | 'സാംക്രമിക രോഗങ്ങളും ശുചിത്വ പരിപാലനവും'<br>'ലഹരിക്കടിമപ്പെടുന്ന സമൂഹം'<br>SSSS CLUB | JRC<br>SSSC<br>കൺവീനർ | |
| ബോധവൽക്കരണ ക്ലാസുകൾ | " JRC യുമായി ചേർന്നുള്ള ക്ലാസുകൾ | | |
| ശില്പശാല | ക്രിയേറ്റീവ് കോർണർ ഉപയോഗപ്പെടുത്തി തുണി സഞ്ചി നിർമ്മാണം. | guest | August |
| ജീവകാരുണ്യ പ്രവർത്തനം | പാവപ്പെട്ടവരെ സന്ദർശിക്കുമ്പോൾ അവർക്ക് നൽകുന്ന വസ്തുക്കൾക്ക് തുണിസഞ്ചി ഉപയോഗപ്പെടുത്തൽ | | Govt |
| ഔഷധ സസ്യ പരിപാലനം. | പരിസ്ഥിതി ക്ലബ്ബ് നടപ്പിലാക്കുന്ന ഔഷധ സസ്യ പരിപാലനത്തിൽ പങ്കാളികളാവുക. | Eco club convr & SSSS club convenor | June |
| ക്യാമ്പുകൾ | 2 days orientation Camp<br>2 days സഹവാസ ക്യാമ്പ് | | |
| Social service | സമൂഹത്തോടൊപ്പം സേവനത്തിൽ പങ്കുചേരുക | | |
| dry day | എല്ലാ ആഴ്ചയിലും one day dry day നടപ്പിലാക്കുക. | | |

| | | | | |
|---|---|---|---|---|
| | JRC | | | |
| അച്ചടക്കം | അച്ചടക്കത്തിന് പ്രാധാന്യം നൽകുന്ന ക്ലാസുകൾ നൽകുക.<br>mock drill നടപ്പാക്കുക.<br>യോഗ പരിശീലനം നൽകുക<br>നേതൃത്വ പാടവം വളർത്തുക<br>ചുമതലകൾ നൽകുക. | JRC convenors | July. | |
| ഞങ്ങളും ഒപ്പമുണ്ട് | സ്കൂളിലെ എല്ലാ ഭിന്നശേഷി കുട്ടികളെയും ക്ലാസ് ടീച്ചറുടെയും കൂട്ടുകാരുടെയും സഹായത്തോടെ സന്ദർശനം | | August | സ്കൂൾ രക്ഷിതാക്കൾ |
| സ്വാന്തനം | വൃദ്ധരെയും രോഗികളെയും സന്ദർശിച്ച് സ്വാന്തനമേകൽ അവരൊന്ന് പാട്ടും കളിയും കൂടെ മധുരവും | കൺവീനർ Trs | September. | രക്ഷിതാക്കൾ |
| ക്യാമ്പുകൾ | motivation ക്ലാസും field tripകളും ഉൾപ്പെടുന്ന ക്യാമ്പ് | | december. | രക്ഷിതാക്കൾ |
| ദിനാചരണങ്ങൾ | ദിനാചരണങ്ങളിൽ (mock drill) | | | |

| Objectives | PROCESS | Duty Assigned | period | Fund |
|---|---|---|---|---|
| | cards and students read the cards correct-ly<br>5. Forming a class reading club. | | | |
| • Boosting confidence in English language. | 1→ Role play<br>2→ skit<br>3 → Readers theatre.<br>4 → English Assembly<br>5 → preperation of Digital magazine.<br>6 → Design poster.<br>7 → Make likely conversation based on different topics. | English Teacher | Monthly | 5000 |
| • | | | | |

| | | | | |
|---|---|---|---|---|
| | ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുക.<br>School zone ./Sign board സ്ഥാപിക്കുക.<br>ബോധവൽക്കരണ ക്ലാസുകൾ നടപ്പിലാക്കുക.<br>സ്കൂൾ പാർലമെന്റിൽ വകുപ്പുതല പ്രവർത്തനങ്ങൾ നൽകുക. | PTA<br>സുരക്ഷ. കൺവീനർ | September.<br>ജൂൺ<br>August | |
| Creative corner<br><br>ശില്പശാലകൾ | കുട്ടികളുടെ പഠനത്തോടൊപ്പം വിവിധ തൊഴിൽ മേഖലകൾ/ നൈപുണികൾ വികസിപ്പിക്കുന്നതിന് അവസരം/പരിശീലനം നൽകുക.<br>ശില്പശാലകൾ | സാങ്കേതിക വിദഗ്ധർ | 1 year | |

| | | | |
|---|---|---|---|
| Smart class room | സ്കൂളിലെ 9 ക്ലാസ് മുറികൾ smart class room ആക്കി മാറ്റൽ | Panchayath | 2025-26 |

## മററിനങ്ങൾ

| | | | |
|---|---|---|---|
| ജൈവ പന്തൽ | കൃഷി വകുപ്പിന്റെ ജൈവപന്തൽ പദ്ധതി. കെട്ടിടത്തിന്റെ മുകളിൽ നടപ്പാക്കൽ (മുന്തിരി / മറ്റിനങ്ങൾ ഉപയോഗിച്ച് പന്തലൊരുക്കൽ | | August. |
| ജൈവകൃഷി | PTA, MPTA -- കമ്മിറ്റികളുടെ നേതൃത്വത്തിൽ സ്കൂളിനോട് ചേർന്ന് കിടക്കുന്ന സ്ഥലത്ത് (20 cent) ഉച്ചഭക്ഷണ പദ്ധതിയിലേക്ക് ഉൾപ്പെടെ കൃഷി നടത്തൽ | കൃഷിവകുപ്പ് സ്കൂൾ. | 1 year |
| സ്കൂൾ സുരക്ഷ | സ്കൂൾ സുരക്ഷയുമായി ബന്ധപ്പെട്ട സമിതി രൂപീകരിച്ച് | Teachers. | years. |

# PLANING (ഭൗതികം)

| | | | |
|---|---|---|---|
| പാർക്ക് | നിർമ്മിച്ച പാർക്കിൽ (2025) ൽ Tile പാകലും സൗന്ദര്യവൽക്കരണവും | | August |
| സ്റ്റേജ് | നിർമ്മിച്ച സ്റ്റേജിന്റെ മേൽക്കൂര പൂർത്തീകരണവും നാമകരണവും തൂണുകൾ, പടവുകൾ സൗന്ദര്യവത്ക്കരണം | Panchayath fund | JUNE |
| പുതിയ കെട്ടിടം | LP block നോട് ചേർന്ന് രണ്ട് ക്ലാസ് മുറികളുടെ നിർമ്മാണം - (നിലവിലുള്ള കെട്ടിടത്തിന്റെ മുകൾ നിലയിലെ ശേഷിക്കുന്ന സ്ഥലത്ത്) | MLA fund. | |
| ബാത്ത്റൂം സമുച്ചയം | LP block നോട് ചേർന്ന് നിലവിലുള്ള അടുക്കളയുടെ സ്ഥലത്ത് LP കുട്ടികൾക്കായി ബാത്ത്റൂം സമുച്ചയം നിർമ്മിക്കൽ (Toilet) | block panchayath | 1 year 15 |
| പുതിയ അടുക്കള | പുതിയ അടുക്കളയുടെ നിർമ്മാണം. | | 1 Year |
| പുതിയ പാത്രങ്ങൾ | പുതിയ അടുക്കള പാത്രങ്ങൾ വാങ്ങി - ഉപയോഗിക്കൽ | Panchayath | |